# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2215 — 20.06.2012-ൽ മറുപടിക്ക്

## പനി വാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) എല്ലാ ജില്ലാ ആശുപത്രികളിലും പനി വാർഡുകൾ ആരംഭിക്കുമോ ; | എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ആവശ്യമായിവരുന്ന പക്ഷം പനി വാർഡുകൾ ആരംഭിക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പകർച്ച ബാധിത പ്രദേശങ്ങളിൽ ശക്തമായ് ബോധവൽക്കരണം നടത്തുമോ ; | ബി) പകർച്ച ബാധിത പ്രദേശങ്ങളിൽ ജില്ലാ ആരോഗ്യ ദ്രുതകർമ്മസേന അടിയന്തിരമായി സന്ദർശനം നടത്തി രോഗപ്പകർച്ച തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ വീട് വീടാന്തരം ആരോഗ്യ പ്രവർത്തകർ, 'ആശ'മാർ, മറ്റ് സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ വഴി ആവശ്യമായ ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. |
| സി) ആയതിനായി ദ്രുതകർമ്മസേന രൂപീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ ആരോഗ്യ ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഈ ദ്രുതകർമ്മസേനകൾ പകർച്ചവ്യാധികൾ ഉണ്ടാകുന്ന സ്ഥലങ്ങൾ സന്ദർശിച്ച് രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ഡിസ്ട്രിക്റ്റ് സർവ്വേയലൻസ് ഓഫീസർ, എപ്പിഡോമോളജിസ്റ്റ്, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, മലേറിയ ഓഫീസർ, ബയോളജിസ്റ്റ്, ജില്ലാ ആശുപത്രികളിലെ സീനിയർ ഫിസിഷ്യനും സീനിയർ |

……2

പീഡിയാട്രിഷനും, സമീപ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ കമ്മ്യൂണിറ്റി മെഡിസിനിലെ വിദഗ്ദ്ധർ എന്നിവരാണ് ഈ സേനയിലെ മറ്റ് അംഗങ്ങൾ.

| | |
|---|---|
| ഡി) താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് പനി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | ഡി) ജില്ലാ താലൂക്ക് ആശുപത്രികളിൽ പകർച്ചപ്പനി ബാധിതർക്കു വേണ്ടി പ്രത്യേക പനി വാർഡുകൾ ആരംഭിച്ച് ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന മറ്റ് രോഗികൾക്ക് പനി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. യാതൊരു കാരണവശാലും പകർച്ചപ്പനി ബാധിതരെ മറ്റ് രോഗികൾ കിടക്കുന്ന വാർഡുകളിൽ പാർപ്പിക്കരുതെന്ന് എല്ലാ ജില്ലാ, താലൂക്ക് ആശുപത്രി സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊതുകുജന്യമായ പനിരോഗങ്ങൾ പകരാതിരിക്കാൻ ആശുപത്രികളിൽ കൊതുകുവല ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ